# കേരള സർവകലാശാല

നം.പി.ആർ.38/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റിവെച്ചു

2019 ഫെബ്രുവരി 22 മുതൽ നടത്താനിരുന്ന ഒൻപതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകൾ മാർച്ച് 8 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഫെബ്രുവരി 25 ന് നടത്താനിരുന്ന ബി.എ/ബി.എസ്.സി ആന്വൽ സ്കീം പാർട്ട് I ഇംഗ്ലീഷ് പേപ്പർ I (പ്രോസ്) പരീക്ഷ മാർച്ച് 8 ലേക്ക് മാറ്റയിരിക്കുന്നു. പരീക്ഷാ കേന്ദ്രങ്ങൾക്കും മറ്റു പരീക്ഷകൾക്കും മാറ്റമില്ല.

### പ്രാക്ടിക്കൽ

2018 ഡിസംബറിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ ബി.എസ്.സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസിന്റെ പ്രോഗ്രാമിംഗ് ലാബ് III പരീക്ഷ ഫെബ്രുവരി 27, 28 തീയതികളിലും ബി.എസ്.സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രിയുടെ ഇൻഡസ്ട്രിയൽ കെമിസ്ട്രി ലാബ് III പരീക്ഷ ഫെബ്രുവരി 26, 27 തീയതികളിലും അതതു പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, സുവോളജി, കെമിസ്ട്രി, മെഡിസിനൽ കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി, ബോട്ടണി എന്നീ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ.

2019 ജനുവരിയിൽ നടത്തിയ എം.ഡി.എസ് പാർട്ട് II (ഓറൽ പത്തോളജി & മൈക്രോബയോളജി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## ഗ്രേസ് മാർക്കിന് അപേക്ഷിക്കാം

2014 – 2017 അദ്ധ്യയന വർഷത്തിലെ (എഫ്.ഡി.പി സി.ബി.സി.എസ്) ഗ്രേസ് മാർക്കിന് അർഹരായ വിദ്യാർത്ഥികൾ (എൻ.എസ്.എസ്, എൻ.സി.സി, സ്പോർട്സ് മുതലായവ) ഗ്രേസ് മാർക്ക് ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ കോളേജ് തലത്തിലും ഗ്രേസ്മാർക്ക് ശുപാർശ ചെയ്യേണ്ട അതാത് വിഭാഗങ്ങളുടെ ഓഫീസിൽ നിന്നുമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി സർവകലാശാല കൺട്രോളർക്ക് 2019 മാർച്ച് 20 നു മുൻപായി സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## ദേശീയ ശാസ്ത്രദിനം

സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളും ദേശീയ ശാസ്ത്രദിനമായ ഫെബ്രുവരി 28 ന് ശാസ്ത്രസംബന്ധിയായ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

## തീയതി നീട്ടി

സെന്റർ ഫോർ അഡൾറ്റ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ എക്സ്റ്റൻഷനു കീഴിൽ പാങ്ങോട് മന്നാനിയ കോളേജ് ഓഫ് ആർട്സ് & സയൻസിൽ നടത്തി വരുന്ന ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിലേയ്ക്ക് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 15 വരെ നീട്ടിയിരിക്കുന്നു. യോഗ്യത: പ്ലസ്ടു, ക്ലാസ് അവധി ദിവസങ്ങളിൽ. വിശദവിവരങ്ങൾക്ക്: 9048538210

സെന്റർ ഫോർ ട്രാൻസ്ലേഷൻ ആന്റ് ട്രാൻസ്ലേഷൻ സ്റ്റഡീസ് നടത്തുന്ന ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസിലേയ്ക്ക് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2019 ഫെബ്രുവരി 28 വരെ നീട്ടിയിരിക്കുന്നു. യോഗ്യത: 50% മാർക്കോടെയുള്ള അംഗീകൃത സർവകലാശാല ബിരുദം. അതോടൊപ്പം അപേക്ഷകർ ബിരുദ തലത്തിൽ ഹിന്ദി രണ്ടാംഭാഷയായി പഠിച്ചിട്ടുള്ളവരോ, അതല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനം നടത്തുന്ന ഹിന്ദി പരീക്ഷ പാസ്സായിട്ടുള്ളവരോ ആയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9207639544, 9349439544

## പുതുക്കിയ ഇന്റർവ്യൂ തീയതി

ബോട്ടണി വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ ഗ്രാജ്വേറ്റ് ഫീൽഡ് അസിസ്റ്റന്റിനെ നിയമിക്കുന്നതിനായി 2019 ഫെബ്രുവരി 26 ന് നടത്താനിരുന്ന ഇന്റർവ്യൂ മാർച്ച് 1 ന് ഉച്ചയ്ക്ക് 12 മണി മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക്: 0471 2386426

തിരുവനന്തപുരം.
21.02.2019

പബ്ലിക് റിലേഷൻസ് ഓഫീസർ